**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1701** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>തേർഡ് പാർട്ടി ഇൻഷുറൻസ് പരിരക്ഷാ നിർദേശങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെടുന്ന വലിയൊരു ശതമാനം വാഹനങ്ങൾക്കും തേർഡ് പാർട്ടി ഇൻഷുറൻസ് പരിരക്ഷ ഇല്ലെന്നതും ഇതുമൂലം അപകടങ്ങൾക്കിരയാകുന്നവർക്ക് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ വഴി അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** തേർഡ് പാർട്ടി ഇൻഷുറൻസ് പോളിസിയുടെ കാലാവധി അറിയാതെ പോകുന്നത് ഒഴിവാക്കുന്നതിനായി വാഹനങ്ങളുടെ ഫ്യുവൽ ടാങ്ക് ക്യാപ്പിൽ ഇൻഷുറൻസ് വിവരങ്ങൾ (ഇൻഷുറൻസ് കാലാവധി, പോളിസി നമ്പർ, കമ്പനിയുടെ പേര്) അടങ്ങിയ സ്റ്റിക്കർ നിർബന്ധമായും പതിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല

**(സി)** ഇൻഷുറൻസ് കാലാവധി കഴിഞ്ഞതോ ഇത്തരം ഇൻഷുറൻസ് വിവരങ്ങൾ അടങ്ങിയ സ്റ്റിക്കർ പതിക്കാത്തതോ ആയ വാഹനങ്ങൾക്ക് ഫ്യുവൽ സ്റ്റേഷനുകളിൽ നിന്ന് ഇന്ധനം നൽകുന്നത് വിലക്കിക്കൊണ്ട് ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല

**(ഡി)** ഇൻഷുറൻസ് കമ്പനികൾ തേർഡ് പാർട്ടി പോളിസികളുടെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ആർ.സി. ഉടമകൾക്ക് റിമൈൻഡർ സന്ദേശങ്ങളോ കത്തുകളോ അയയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് മുഖേന എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഒരു വാഹനത്തിന്റെ ഇൻഷുറൻസ് കാലാവധി അവസാനിക്കുന്നതിന് മുൻപായി വാഹന ഉടമയ്ക്ക് പരിവാഹനിൽ നിന്നും ഈ വിവരം SMS വഴി അറിയിക്കുന്ന സംവിധാനം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**